പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 575 — 08-07-14 – ൽ മറുപടിയ്ക്ക്

## ട്രോളിംഗ് നിരോധനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. സി.ദിവാകരൻ:<br>ശ്രീ.പി.തിലോത്തമൻ:<br>ശ്രീ.കെ.അജിത്:<br>ശ്രീ.ഇ.കെ.വിജയൻ: | | ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി |
| (എ) | ട്രോളിംഗ് നിരോധന സമ്പ്രദായം എന്നുമുതലാണ് ആരംഭിച്ചത് ; ട്രോളിംഗ് നിരോധനം കൊണ്ട് ഉദ്ദേശിച്ച ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) | ട്രോളിംഗ് നിരോധന സമ്പ്രദായം ആരംഭിച്ചത് 1988 മുതലാണ്. മത്സ്യങ്ങളുടെ പ്രജനന കാലമായ ജൂൺ ജൂലൈ മാസങ്ങളിൽ (മൺസൂൺ കാലം) ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുകവഴി മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുക എന്നതാണ് ട്രോളിംഗ് നിരോധനത്തിന്റെ ഏറ്റവും പ്രധാന ഉദ്ദേശലക്ഷ്യം. അമിത മത്സ്യചൂഷണം ഒഴിവാക്കുക, മത്സ്യബന്ധന മേഖലയിൽ നിയന്ത്രണം ഏർപ്പെടുത്തുക, മത്സ്യത്തൊഴിലാളികളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്തുക എന്നത് കൂടിയാണ് ട്രോളിംഗ് നിരോധനം കൊണ്ട് ഉദ്ദേശിക്കുന്നത്. |
| ബി) | ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയിട്ടും മത്സ്യസമ്പത്തിൽ വൻകുറവ് വന്നത് എന്തുകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ ; | (ബി) | 1961 മുതൽ 2012 വരെയുള്ള 52 വർഷത്തെ കടൽ മത്സ്യബന്ധന ഉൽപാദനത്തിന്റെ സ്ഥിതി വിവര കണക്കുകൾ പഠന വിധേയമാക്കിയതിൽ ട്രോളിംഗ് നിരോധനം ആരംഭിക്കുന്നതിന് മുമ്പുള്ള 28 വർഷത്തെയും നിരോധനം ആരംഭിച്ച ശേഷമുള്ള 24 വർഷത്തെയും സ്ഥിതിവിവര കണക്കുകൾ ശാസ്ത്രീയ പരിശോധനയ്ക്ക് വിധേയമാക്കി. ഈ പരിശോധനയിൽ വ്യക്തമാകുന്നത് ട്രോളിംഗ് നിരോധനം തീരക്കടൽ മത്സ്യ സമ്പത്തിന്റെ നിലനിൽപ്പിന് ഗുണകരമാണെന്നാണ്. പക്ഷേ ഈ ഗുണഫലം 2000 വരെ മാത്രമേ പ്രകടമായി കാണുന്നുള്ളൂ എന്നും 2000 ന് ശേഷം ഗുണഫലം സുസ്ഥിരമായി കാണുന്നില്ല എന്നും കമ്മിറ്റി കണ്ടെത്തുകയുണ്ടായി. ട്രോളിംഗ് നിരോധനത്തിന്റെ ഗുണഫലം സുസ്ഥിരമായി നിലനിർത്തുന്നതിന് നിരോധന കാലയളവ് കൂട്ടുക മാത്രമാണ് കരണീയമായിട്ടുള്ളത് എന്ന് കമ്മിറ്റി കണ്ടെത്തുകയുണ്ടായി. |
| സി) | മത്സ്യബന്ധന നയം കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ? | സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ